# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 870 — 12.12.2012ൽ മറുപടിയ്ക്ക്

## പാലത്തിന് കരകൾ കെട്ടുന്നതിന് നടപടി

ചോദ്യം : ശ്രീ. പി. റ്റി. എ. റഹീം

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | കുന്ദമംഗലം-ചാത്തമംഗലം പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കമ്മാണ്ടിക്കടവ് പാലത്തിന് ഇരുവശവും പുഴ ഗതിമാറി ഒഴുകിയത് കാരണം കര ഇടിഞ്ഞു പോയതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | റിവർ മാനേജ്മെന്റ് ഫണ്ട് മുഖേന കരകൾ കെട്ടുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (ബി) | കമ്മാണ്ടിക്കടവിൽ താഴെ ഭാഗം ചെറുപുഴയുടെ വലതുകര സംരക്ഷണ പ്രവൃത്തി റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി 43 ലക്ഷം രൂപയ്ക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്. കൂടാതെ ചെറുപുഴയുടെ ഇടതുകര സംരക്ഷണ പ്രവൃത്തിക്കുള്ള 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ആർ.എം.എഫിന്റെ ജില്ലാതല വിദഗ്ധ സമിതിയുടെ അംഗീകാരം നൽകിയിട്ടുണ്ട്. സംസ്ഥാനതല വിദഗ്ധ സമിതിയുടെ അംഗീകാരം കൂടി നൽകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ഏറ്റെടുത്ത് നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ

2/